# ഡ്രൂപൽ എന്ന കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം: ഒരു പരിചയം

ശബ്ദം, ചിത്രങ്ങൾ, ചലച്ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടെ എല്ലാവിധ കമ്പ്യൂട്ടർ ഫയലുകളും കൃത്യമായ രീതിയിൽ പരിപാലിക്കാൻ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ അപ്ലിക്കേഷനുകളാണ്, കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം എന്നറിയപ്പെടുന്നത്. പരിപാലിക്കുക എന്നതുകൊണ്ട്, നിർമ്മാണം,പ്രസിദ്ധീകരണം,പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരണം,പുനഃക്രമീകരണം എന്നതുടങ്ങിയ എല്ലാ പ്രക്രിയകളും വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം എന്നുപറഞ്ഞാൽ വെറും അടിസ്ഥാനസൗകര്യങ്ങൾ മാത്രം ഒരുക്കിത്തരുന്ന കാലിയായ ഒരു വെബ്സൈറ്റ് എന്ന് (വെബ്സൈറ്റിന്റെ അസ്ഥികൂടം) വിവക്ഷിച്ചാൽ അതിൽ തെറ്റ് കാണില്ല. ഉള്ളടക്കം എപ്പോഴും സൈറ്റ് നിർമ്മിക്കുന്നവരുടെ ഇഷ്ടത്തിനനുസരിച്ചായിരിക്കുമല്ലോ. ഇതുമൂലം, വെബ്സൈറ്റ് നിർമ്മാണപ്രക്രിയയിൽ കൂടുതൽ ശ്രദ്ധകൊടുക്കാതെ നമുക്ക്, നമ്മുടെ വെബ്സൈറ്റിന്റെ ഉള്ളടക്കത്തിന്റെ ഗുണനിലവാരത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ പറ്റുന്ന എന്നൊരു സൗകര്യം കൂടെ ഉണ്ട്.

സാങ്കേതികമായി, ഒരു കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ വിവിധ സൗകര്യങ്ങൾ ഉൾകൊള്ളേണ്ടതാണ്. അവ പ്രധാനമായും:

ഉള്ളടക്ക വിഭവങ്ങൾ ആര്,എങ്ങനെ പരിപാലിക്കണമന്നടിസ്ഥാനമാക്കി ഓരോ ഉപയോക്താവിനും പ്രത്യേകം പ്രത്യേകം അധികാരസ്ഥാനങ്ങൾ അഥവാ ''പദവികൾ'' (റോളുകൾ).

ഉയർന്ന പദവിയിലുള്ള ഉപയോക്താവിനെ സൈറ്റിൽ വിഭവങ്ങൾ പുതുതായി ചേർക്കപ്പെടുകയോ,നീക്കം ചെയ്യപെടുകയോ മാറ്റം സംഭവിക്കുകയോ ചെയ്താൽ ഉടനടി വിവരം അറിയിക്കാനുള്ള അറിയിപ്പ് സംവിധാനം.

ഒരു പ്രത്യേക ഉള്ളടക്കത്തിന്റെ വിവിധ പതിപ്പുകളും അവയെ പറ്റിയുള്ള വിശദാംശങ്ങളും സൂക്ഷിക്കാനുള്ള സൗകര്യം.

ഇതുമൂലമെല്ലാം ഒരാൾക്ക് ഒറ്റക്കോ ഒരു കൂട്ടം ആളുകൾക്ക് ഒന്നിച്ചോ ഉള്ളടക്കം കൈകാര്യം ചെയ്യാനും നിർമ്മിക്കാനുമുള്ള സൗകര്യം.

മുൻപ് പറഞ്ഞപോലെ,ഉപയോക്താവിന് ഉള്ളടക്ക വിഭവങ്ങൾ എങ്ങനെ ഉണ്ടാക്കണം എന്നതിൽ ശ്രദ്ധചെലുത്തിയാൽ മതി, അവയുടെ പ്രസിദ്ധീകരണവും, പ്രദർശനവുമെല്ലാം കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പരിധിയിലാണ്. ഇത്തരം ഉള്ളടക്കങ്ങളുടെ പ്രദർശനത്തിനായി വിവിധ പ്രമേയങ്ങൾ (തീമുകൾ). പ്രമേയങ്ങൾ, റെഡിമേഡ് കുപ്പായങ്ങളെപ്പോലെ ഞൊടിയിടയിൽ മാറ്റാവുന്നതാണ്.

വെബ്സൈറ്റിന്റെ സാങ്കേതികമികവും കഴിവും കൂട്ടുന്നതിനായി വിവിധ തരം റെഡിമേഡ് മൊഡ്യൂളുകൾ.

വെബ് അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ട ഇത്തരം കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റങ്ങളുടെ സഹായത്തോടെ ഏതൊരാൾക്കും താരതമ്യേന എളുപ്പത്തിൽ ഒരു വെബ്സൈറ്റ് നിർമ്മിക്കാം. ഇവിടെ പരമ്പരാഗതമായി വെബ്സൈറ്റ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന എച്ച്.ടി.എം.എൽ തുടങ്ങിയ സാങ്കേതിക ഭാഷകൾ അറിഞ്ഞിരിക്കണമെന്ന് നിർബന്ധമില്ല, എങ്കിലും അറിയുന്ന എന്നത് ഉയർന്നതലത്തിൽ കോണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം പരിപാലിക്കാൻ സഹായകമാകും.

ഒരു സ്റ്റാറ്റിക് വെബ്സൈറ്റ് എല്ലായ്പ്പോഴും അതിലെ ഉള്ളടക്കങ്ങളെ എച്ച്.ടി.എം.എൽ ഫയലുകളായി സംഭരിക്കുകയും അവയുടെ വിവരങ്ങൾ യു.ആർ.എൽ വിലാസരൂപത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം യു.ആർ.എൽ വിലാസം ഉപയോഗിച്ച് അതാത് ഉള്ളടക്കതാളുകളിൽ നമുക്ക് എത്തിച്ചേരാം.

എന്നാൽ ഒരു ഡൈനാമിക്ക് വെബ്സൈറ്റ് അതിലെ ഉള്ളടക്കങ്ങളെ ഒരു ഡാറ്റാബേസിൽ ശേഖരിച്ചുവെക്കുകയും, ഇന്റർനെറ്റ് ബ്രൗസർ ആവശ്യപ്പെട്ടവിവരങ്ങൾ ഡാറ്റാബേസ് ശേഖരത്തിൽ നിന്നും വെബ് സെർവ്വറിന്റെ സഹായത്തോടെ അപ്പപ്പോൾ

എത്തിച്ചുകൊടുക്കയും ചെയ്യുന്നു. ഇത്തരം ഡാറ്റാബേസ് സാങ്കേതികവിദ്യ, കൂടുതൽ ഉള്ളടക്കവിഭവങ്ങളെ താരതമ്യേന എളുപ്പത്തിൽ കുറഞ്ഞസമയം കൊണ്ട് കൈകാര്യം ചെയ്യാൻ സഹായിക്കുന്നു.

ഇങ്ങനെ സാധാരണക്കാരനുപോലും ആധുനീകരീതിയിലുള്ള ഒരു വെബ്സൈറ്റ് നിർമ്മിക്കാൻ സഹായിക്കുന്ന സൗജന്യ ഓപ്പൺ സോഴ്സ് കോണ്ടെന്റ് മാനേജ്മന്റ് സിസ്റ്റം സോഫ്റ്റ്‌വേയറുകളാണ് ഡ്രൂപൽ, ജൂംല, വേർഡ്പ്രസ്സ് തുടങ്ങിയവ. ഇതിൽ വേർഡ് പ്രസ്സ് അധികവും ബ്ലോഗിനാണ് ഉപയോഗിക്കുന്നത്. ജൂംലയാകട്ടെ താരതമ്യേന എളുപ്പവും ആണ്. എന്നാൽ ഡ്രൂപൽ ആണ് ഈ ലേഖനത്തിന്റെ വിഷയം.

ഒരു ഓപ്പൺസോഴ്സ് കോണ്ടന്റ് മാനേജ്മന്റ് സിസ്റ്റം നാം തിരഞ്ഞെടുക്കുന്നതിനു മുൻപ് അനവധികാര്യങ്ങൾ പരിശോധിക്കാനുണ്ട്. പ്രധാനമായും 1) അതിന്റെ സഹായം നൽകുന്ന സമൂഹങ്ങൾ എത്ര പ്രവർത്തനക്ഷമം ആണ് 2) പ്രസ്തുത സോഫ്റ്റ്‌വേയർ സുരക്ഷ (സ്പാം, ഹാക്കിംഗ് തുടങ്ങിയ അപകടങ്ങളിൽ നിന്നും) നൽകുന്നുണ്ടോ 3) എത്രകണ്ട് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും 4) വെബ്സൈറ്റ് തുടങ്ങിയാൽ സൈറ്റ് വേഗത്തിൽ സന്ദർശിക്കാമോ 5)സന്ദർശകർക്ക് എളുപ്പത്തിൽ അതിലൂടെ നാവിഗേറ്റ് ചെയ്യാൻ പറ്റുമോ 6) കഴിവുകൂട്ടുന്നതിനായും ഭംഗി കൂട്ടുന്നതിനുമായുമൊക്കെ ആവശ്യമായ മൊഡ്യൂളുകളും പ്രമേയങ്ങളും (തീം) ലഭ്യമാണോ. 7) എത്രവേഗത്തിൽ കസ്റ്റമൈസ് ചെയ്യാൻ സാധിക്കും 8) പ്രസ്തുത സോഫ്റ്റ്‌വേയറിന്റെ ജനസമ്മതി.

തുടങ്ങി ഇതിൽ മാത്രം ഒതുങ്ങി നിൽക്കാത്ത അനവധി കാര്യങ്ങൾ പരിശോധിച്ചശേഷം ഏതുവേണം എന്ന് തീരുമാനിക്കണം. അത്തരത്തിൽ മികച്ചത് എന്ന് ഞാൻ കരുതുന്ന സോഫ്റ്റ്‌വേയറാണ് "ഡ്രൂപൽ" (http://www.drupal.org). മുൻപറഞ്ഞ കോണ്ടന്റ് മാനേജ്മന്റ് സിസ്റ്റങ്ങളുടെ അടിസ്ഥാനപ്രത്യേകതകൾ എല്ലാം തന്നെ ഉൾകൊള്ളുന്ന ഒരു സൗജന്യ സോഫ്റ്റ്‌വേയറാണ് ഡ്രൂപൽ.

**Dries Buytaert** എന്ന ബെൽജിയക്കാരൻ യൂണിവേഴ്സിറ്റി ഓഫ് ആന്റ്വെർപ്പിൽ 2000ൽ പഠിക്കുമ്പോൾ തന്റെ സഹപാഠിയുടെ വയർലെസ്സ് നെറ്റ് കണക്ഷൻ പങ്കുവെക്കുകയും വിവരങ്ങൾ പങ്കുവെക്കാനായി ഡ്രൂപലിന്റെ ആദ്യരൂപം ഉണ്ടാക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം അത് ഒരു സ്വതന്ത്ര സൗജന്യ സോഫ്റ്റ്‌വേയറാക്കി 2001ൽ വിപണിയിലിറക്കി. ഇന്ന്

**http://www.warnerbrosrecords.com/**
**{http://www.observer.com/ (The New York observer)**
**{http://www.amnesty.org/ (Amnesty International)**
**{http://myplay.com/ (Sony BMG music company(**
**{http://officepranks.forbes.com/ (Forbes.com)**
**{http://harvardscience.harvard.edu/ (Harvard university)**
തുടങ്ങി യാഹൂവും അഡോബിയും വരെ ദ്രൂപൽ ഉപയോഗിക്കുന്നു എന്നായിട്ടുണ്ട്.

**ഡ്രൂപലിന്റെ ഉപയോഗങ്ങൾ:**
ഡ്രൂപൽ ചില പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ തക്കവിധം പാകപ്പെടുത്തിക്കൊണ്ട് വിവിധ ഇൻസ്റ്റാളേഷൻ പ്രോഫയ്ലുകൾ ഇന്ന് ലഭ്യമാണ്. ഉദാഹരണത്തിന് താങ്കൾക്ക് ഒരു പ്രാദേശിക വാർത്താധിഷ്ഠിത പത്രം തുടങ്ങണമെന്നിരിക്കട്ടെ, ''ഇന്നോവേഷൻ ന്യൂസ്'' എന്ന ഇൻസ്റ്റാളേഷൻ പ്രോഫെയിൽ ഇറക്കുമതി ചെയ്ത് ഇൻസ്റ്റാൾ ചെയ്താൽ മതിയാകും. ഒരു പത്രത്തിനുവേണ്ട എല്ലാ വിധ അടിസ്ഥാനസൗകര്യങ്ങളും ഈ പ്രോഫയ്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവ പിന്നീട് കസ്റ്റമൈസ് ചെയ്തിരുന്നാൽ മതി. മാത്രമല്ല കൂടുതൽ ഫങ്ക്ഷണാലിറ്റിക്കാവശ്യമായ മൊഡ്യൂളുകൾ സാധാരണ ഡ്രൂപൽ ഇൻസ്റ്റാളേഷൻ എന്നതുപോലെ ഇതിലും ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

ഇതുപോലെ ഡ്രൂപലെഡ്, എന്നത് വിദ്യഭ്യാസസ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ തരത്തിൽ രൂപപ്പെടുത്തിയ ഒരു പ്രോഫെയിൽ ആകുന്നു. ഇന്ന് അമേരിക്കയിലും മറ്റും ധാരാളം യൂണിവേഴ്സിറ്റികൾ ഡ്രൂപൽ വിദ്യഭ്യാസത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഹാർവ്വാർഡ് യൂണിവേഴിസിറ്റ് ഒരു ഉദാഹരണം. ഡ്രൂപൽ എങ്ങനെ ക്ലാസ്സ് റൂമിൽ ഉപയോഗിക്കാമെന്നതിനെ പറ്റി വിശദീകരിക്കൻ തന്നെ ഒരു ലേഖനം ആവശ്യമാണ്

എന്നതിനാൽ ഇപ്പോൾ അതിനു തുനിയുന്നില്ല. അക്വയ ഡ്രുപൽ, സിവിക്സി.ആർ.എം ഡ്രുപൽ തുടങ്ങിയവയും ലഭ്യമാണ്.

ഫോട്ടോഗ്രാഫിയും ചിത്രങ്ങളും സംഗീതവും എല്ലാം ഇഷ്ടപ്പെടുന്ന ഒരു സമൂഹത്തിനു വേണ്ടി (സമൂഹം എന്നുദ്ദേശിക്കുന്നത് ജാതി-മത വ്യവവസ്ഥയെ അല്ല) അവയെല്ലാം പരസ്പരം പങ്കുവെക്കാനും പൊതുജനങ്ങൾക്കായി അംഗങ്ങളുടെ സംഭാവനകൾ പ്രദർശിപ്പിക്കാനുമായി ഒരു സൈറ്റ് തുടങ്ങാൻ ഡ്രൂപൽ ഉത്തമമാണ്.

ഒരു കമ്പനിയുടെ വെബ്സൈറ്റിലൂടെ അവരുടെ ഉൾപ്പന്നങ്ങൾ വിറ്റഴിക്കാനും അവരുടെ പ്രത്യേകതകളും പരിചയവും മറ്റുള്ളവരെ അറിയിക്കാനും ഡ്രൂപൽ സഹായിക്കും. മാത്രമല്ല, ഒരു മൾട്ടീമീഡിയ സൈറ്റ് തുടങ്ങുന്നതിനും ഡ്രൂപൽ സഹായിക്കും. ഒരു ഓൺലൈൻ മാസികയോ വാരികയോ ജേർണ്ണലോ പെട്ടെന്ന് തുടങ്ങുന്നതിനും ഡ്രൂപൽ സഹായിക്കും.

അതുമല്ല, താങ്കളുടെ പരിചയം ഒരു പ്രത്യേക വിഭാഗത്തിലാണെന്നിരിക്കട്ടെ, അത് പ്രസിദ്ധീകരിക്കാനും ഡ്രൂപൽ ഉത്തമമാണ്. ഒരു ഉദാഹരണത്തിനായി ഒരു സിവിൽ എഞ്ചിനീയർ അദ്ദേഹത്തിന്റെ പ്രവർത്തി പരിചയവും ഒരു ചാർട്ടേർഡ് എക്കൗണ്ടന്റ് അദ്ദേഹത്തിന്റെ സേവനവും പ്രസിദ്ധപ്പെടുത്താനും അതുവഴി തൽപ്പരരായ കക്ഷികളെ കണ്ടുപിടിക്കാനും ഡ്രൂപൽ സഹായിക്കും.

ഇത്തരം കേസുകളിലൊന്നും തന്നെ സൈറ്റിന്റെ ഉള്ളടക്കം നിർമ്മാക്കാനോ, ഉൾക്കൊള്ളികാനോ പുതുക്കാനോ എന്നുവേണ്ട സൈറ്റിലെ അംഗങ്ങളെ കൂട്ടുക, നിയന്ത്രിക്കുക തുടങ്ങിയവക്കെല്ലാം തന്നെ സൈറ്റ് ഉടമസ്ഥരായവർക്ക് വളരെ എളുപ്പത്തിൽ സാധിക്കുന്നതാണ്. ഇതിനായി HTML.PHP,ASP തുടങ്ങിയ പ്രോഗ്രാമിംഗ് ലാങ്കേജുകളോ മറ്റ് സാങ്കേതികവിദ്യകളോ പഠിക്കണം എന്നില്ല. വലിയൊരു പ്രത്യേകത എന്നു പറയുന്നത്, ഇംഗ്ലീഷ്, മലയാളം എന്നു തുടങ്ങി വിവിധഭാഷകളിൽ സൈറ്റ് നിർമ്മിക്കാൻ വളരെ എളുപ്പമാണെന്നതാണ്. സൈറ്റിലെ ഉള്ളടക്കം താങ്കൾ സ്വയം മറ്റുഭാഷകളിലേക്ക് വിവർത്തനം ചെയ്യേണ്ടിവരുമെന്നോർക്കുക.

**<u>ഡ്രൂപൽ ഇൻസ്റ്റളേഷൻ</u>**

ഡ്രൂപൽ ഇൻസ്റ്റാൾ ചെയ്യുന്നതിനോടൊപ്പം തന്നെ നാം ഒരു ഡാറ്റാബേസ് നിർമ്മിക്കുന്നു. അതിൽ സൈറ്റ് പരിപാലിക്കാനുവരുടേതടക്കം മറ്റെല്ലാ വിവരങ്ങളും ശേഖരിക്കുന്നു. സൈറ്റ് സന്ദർശകർക്കായി പ്രസ്തുത വിവരങ്ങൾ, വിവധ പ്രമേയങ്ങൾ (തീം) ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. ഇത്തരം പ്രമേയങ്ങൾ നമുക്കിഷ്ടത്തിനനുസരിച്ച് മാറ്റുകയോ പുതുതായ ഒരു പ്രമേയം നിർമ്മിക്കുകയോ ചെയ്യാവുന്നതാണ്. പുതുതായി നിർമ്മിക്കുകയാണെങ്കിൽ താങ്കളുടെ സൈറ്റിന് മറ്റ് സൈറ്റുകളിൽ നിന്നും വ്യത്യസ്തമായതും, സ്വന്തമായതുമായ ഒരു വ്യക്തിത്വം നൽകാവുന്നതാണ്.

ഡ്രൂപൽ തനതായി (ഡിഫാൾട്ട്) ഇൻസ്റ്റാൾ ചെയ്യുകയാണെങ്കിൽ ബ്ലോഗ്, താൾ, കഥ തുടങ്ങിയ പലതരം വിഭവങ്ങൾ ഉള്ളടക്കമായി കൂട്ടിച്ചേർക്കാൻ കഴിയുന്നതാണ്. വിഭവങ്ങളുടെ തരം തിരിവ് ഇതയോൽ മാത്രം ഒതുങ്ങുന്നില്ല. ഏതൊരു ഉപയോക്താവിനും തന്റേതായ പ്രത്യേകതരം കോണ്ടന്റ് ടൈപ്പുകൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. ഉദാഹരണമായി വീഡിയോ എന്നൊരു കോണ്ടന്റ് ടൈപ്പ് സൃഷ്ടിച്ച് അതിൽ വീഡിയോകൾ കൂട്ടിച്ചേർക്കാം.

ഡ്രൂപൽ ഒരു വെബ് സെർവ്വറിൽ ഇൻസ്റ്റാൾ ചെയ്ത് ഒരു സൈറ്റ് നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് നമുക്ക് ഡ്രൂപൽ സൈറ്റിന്റെ ഒരു പ്രാദേശിക പതിപ്പ് നമ്മുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിക്കാം. ഇത് ഡ്രൂപലുമായി പരിചയം സിദ്ധിക്കാനും മറ്റ് പുനഃക്രമീകരണങ്ങൾക്കും സാദ്ധ്യത നൽകും.

സൈറ്റിന്റെ പ്രാദേശിക കോപ്പികൾ നമ്മുടെ കമ്പ്യൂട്ടറിൽ പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന വിഭവങ്ങൾ തയ്യാറാക്കുക അത്യാവശ്യമാണ്.

1) ഒരു വെബ് സെർവ്വർ (അപാഷെ 1.3 യോ ഉയർന്നതൊ)
2) ഒരു ഡാറ്റാബേസ് സെർവ്വർ (മൈഎസ്ക്യൂഎൽ 5)
3) പി.എച്ച്.പി എന്ന വെബ് സ്ക്രിപിറ്റിംഗ് ഭാഷ (പി.എച്ച്.പി 5.2)

ഇവ ഒരുക്കുന്നതിനായി പലതരം സാങ്കേതിക വിദ്യകൾ നിലവിലുണ്ടെന്നതിനാൽ ഇഷ്ടമുള്ളതു തെരഞ്ഞെടുക്കാവുന്നതാണ്. XAMPP എന്നത് ഇവയെല്ലാം കൂടിയതിന്റെ ഒരു കെട്ടാണ്. അതിനാൽ XAMPP താങ്കളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്താൽ ഇവയുടെയെല്ലാം ഒന്നിച്ചുള്ള ഇൻസ്റ്റാളേഷൻ മുഴുവനാകുമെന്നർത്ഥം.

http://www.apachefriends.org എന്ന സൈറ്റിൽ നിന്നും XAMPP ഇൻസ്റ്റാളർ സൗജന്യമായി ഡൗൺലോഡ് ചെയ്ത് താങ്കളുടെ C: ഡ്രൈവിൽ XAMPP എന്ന ഫോൾഡറിൽ ഇൻസ്റ്റാൾ ചെയ്യുക. എല്ലാം യാന്ത്രികമായി ചെയ്യുന്നതിനാൽ ഇവിടെ പ്രത്യേകിച്ച് നമുക്കൊന്നും ചെയ്യാനില്ല. എപ്പോഴും C: ഡ്രൈവിൽ റൂട്ടിൽ ഇൻസ്റ്റാൾ ചെയ്യുകയാകും ഉത്തമം. അതിനുശേഷം XAMPP, Start /All Programs / XAMPP ഇവിടെ ലഭ്യമാകും. XAMPP ന്റെ കണ്ട്രോൾ പാനൽ ഉപയോഗിച്ച് റീസ്റ്റാർട്ട് ചെയ്യുകയാ അൺഇൻസ്റ്റാൾ ചെയ്യുകയോ ചെയ്യാം. ഇന്റർനെറ്റ് എക്സ്പ്ലോററിലോ മറ്റോ URL http://localhost or http://127.0.0.1 എന്ന് അഡ്രസ്സ് ബാറിൽ ടൈപ്പ് ചെയ്താൽ XAMPPന്റെ എല്ലാ സാധ്യതകളും ഉപയോഗിക്കാൻ പറ്റുന്നതാണ്. ഇങ്ങനെ ഒരു XAMPP ഇൻസ്റ്റാളേഷൻ വഴി നാം മുകളിൽ പറഞ്ഞ അപാഷെയും മൈഎസ്ക്യൂഎൽ സെർവ്വറും പി.എച്ച്.പിയും ഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞു. സ്കൈപ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ, ഇൻസ്റ്റാളേഷനു മുൻപ് സ്കൈപ് പ്രോഗ്രാം മുഴുവനായും നിറുത്താൻ മനസ്സിരുത്തുക.

ഒരു മുന്നറിയിപ്പ്: ഈ ഇൻസ്റ്റാളേഷൻ വെറുതെ പഠനത്തിനായും സൈറ്റ് നിർമ്മാണത്തിനും മാത്രമായി ഉപയോഗിക്കാനുള്ളതാണ്. മറ്റു തരത്തിൽ ഉപയോഗിക്കുകയാണെങ്കിൽ http://www.apachefriends.orgലും മറ്റ് ബന്ധപ്പെട്ട സൈറ്റുകളിലും ചെന്ന് കൂടുതൽ വായിച്ച് വരുംവരായ്കകളെ കുറിച്ച് മനസ്സിലാക്കുക. ഈ ലേഖകൻ യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല.

ഇനി നമുക്ക് ഡ്രൂപൽ ഇൻസ്റ്റാൾ ചെയ്യാം. ഇതിനായി http://www.drupal.orgലെ പ്രോജക്റ്റ് പേജിൽ നിന്നും പുതിയ സ്റ്റേബിൾ വേർഷനായ 6.6 ഡൗൺലോഡ് ചെയ്യുക. ഒരു .tar.gz എക്സ്റ്റൻഷനുള്ള ഫയലായിരിക്കും അത്. ഇറക്കുമതിക്കുശേഷം മൗസിലെ വലതു ബട്ടൺ അമർത്തിയാൽ Extract here എന്നു കാണാം. അത് തെരഞ്ഞെടുത്ത് ഫയലുകൾ എല്ലാം എക്സ്ട്രാക്റ്റ് ചെയ്യുക. മിക്കവാറും താങ്കൾ ഡൗൺലോഡ് ചെയ്ത ഡ്രൂപൽ ഫയൽ എവിടെയാണോ അവിടെ തന്നെ എക്സ്ട്രാക്റ്റ് ചെയ്ത ഫോൾഡറും ലഭ്യമാകും.

ശേഷം പ്രസ്തുത ഫോൾഡറിനെ എളുപ്പത്തിനായി Drupal എന്നുമാത്രമായി പുനർനാമകരണം ചെയ്യുക. ആ ഫോൾഡർ കോപ്പി ചെയ്ത് C:\XAMPP\htdocs എന്ന ഫോൾഡറിലേക്ക് ആവാഹിക്കുക.(Copy and Paste ചെയ്യുക). അതായത് ഇപ്പോൾ C:\xampp\htdocs\drupal എന്നായിരിക്കും യു.ആർ.എൽ. തുടർന്ന് c:\xampp\htdocs\drupal\sites\default\default.settings.php വേർഡ്പാഡിൽ തുറന്ന്:

$db_url = 'mysql://username:password@localhost/databasename';

# $base_url = 'http://www.example.com';  // NO trailing slash!

എന്നീ വരികൾ കണ്ട് പിടിച്ച് അവയിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തുക

$db_url = 'mysql://root:password@localhost/drupal';

മൈഎസ്ക്യൂഎൽ ഡാറ്റാബേസിന്റെ ഉന്നതാധികാരമുള്ള ഉപയോക്താവിന്റെ പേരാണ് root എന്നത്. password എന്നത് താങ്കൾ ഉപയോഗിക്കാൻ പോകുന്ന പാസ്സ്‌വേർഡ് ആകി മാറ്റണം. ഉദാഹരണം abcd എന്നാണ് പാസ്‌വേർഡ് എങ്കിൽ അതാണ് password എന്നസ്ഥാനത്ത് എഴുതേണ്ടത്.

$base_url = "http://localhost/drupal";  // NO trailing slash!

(ഇവിടെ ആദ്യം കാണുന്ന # കളഞ്ഞു എന്നത് ശ്രദ്ധിക്കുക.)

ഇത്രയും മാറ്റങ്ങൾ വരുത്തിയതിനുശേഷം default.settings.php എന്ന പ്രസ്തുത കമ്പ്യൂട്ടർ ഫയലിനെ settings.php എന്ന് പേരുകൊടുത്ത് "SAVE AS" കാമാന്റുപയോഗിച്ച് സേവ് ചെയ്യുക. അപ്പോൾ താങ്കളുടെ c:\xampp\htdocs\drupal\sites\default\ ഫോൾഡറിൽ settings.php എന്ന പുതിയ ഫയലും default.settings.php എന്ന പഴയ ഫയലും ഉണ്ടായിരിക്കും.

ശേഷം http://localhost/security  എന്ന് താങ്കളുടെ വെബ്ബ്രൗസറിൽ ടൈപ്പ് ചെയ്താൽ അവിടെ XAMPP കണ്ട്രോൾ പാനൽ വരുന്നതാണ്. അതിലെ security ടാബ് മെനുവിൽ പോയി മൈഎസ്ക്യൂഎൽ ഉപയോക്താവിന്റെ പേർ root എന്നും പാസ്വേർഡ് abcd എന്നും യുക്തം പോലെ കൊടുക്കുക.

ശേഷം http://localhost/phpmyadmin എന്ന യു.ആർ.എൽ സന്ദർശിച്ച് root എന്ന പേരിൽ മുൻപെഴുതിയ പാസ്‌വേർഡ് ഉപയോഗിച്ച് ലോഗ് ഇൻ ചെയ്യുക. phpmyAdminലെ Create a new database എന്ന ടാബിൽ അമർത്തിയാൽ പുതുതായി ഉണ്ടാക്കേണ്ട ഡാറ്റാബേസിന്റെ പേർ ചോദിക്കും. Name of the Database എന്ന സ്ഥലത്ത് drupal എന്നെഴുതുക. മുകളിൽ എഴുതിയ $db_url = 'mysql://username:password@localhost/databasename'; ലെ ഡാറ്റാബേസിന്റെ പേർ നാം drupal എന്നാക്കിയാണല്ലോ മാറ്റിയത്. Create എന്ന ബട്ടൺ അമർത്തി ഡാറ്റാബേസ് നിർമ്മിക്കുക. ഇങ്ങനെ നിർമ്മിച്ച ഡാറ്റാബേസിന്റെ കൊളേഷൻ utf-8 ആണെന്ന് ഉറപ്പുവരുത്തുക. ഇത് പ്രസ്തുത സ്ക്രീനിൽ തന്നെ കാണാവുന്നതാണ്. അല്ലെങ്കിൽ utf8_unicode_ci എന്നാക്കി മാറ്റി സേവ് ചെയ്യുക.

ഇത്രയുമായാൽ ഡ്രൂപൽ അധിഷ്ഠിതമായ ഒരു വെബ്സൈറ്റ് താൽക്കാലികമായി താങ്കളുടെ സ്വന്തം കമ്പ്യൂട്ടറിൽ പ്രവർത്തിപ്പിക്കാനുള്ള ഒരുക്കങ്ങൾ സജ്ജമായി. ഇനി ഡ്രൂപൽ ഇൻസ്റ്റാൾ ചെയ്യേണ്ടിയിരിക്കുന്നു. അതിനായി http://localhost/drupal/install.php ലേക്ക് പോകുക. വെബ് ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ ഇത് ടൈപ്പ് ചെയ്ത് എന്റർ കീ

അമർത്തിയാൽ മതിയാകും.

ഡ്രൂപൽ ഇൻസ്റ്റളേഷൻ തുടരുന്നതിന് മുൻപായി ചില കാര്യങ്ങൾ പറയട്ടെ. യൂണിക്കോഡ് എൻകോഡിംഗ് സിസ്റ്റത്തിന്റെ സാർവ്വത്രികമായ അംഗീകാരത്തോടെ കമ്പ്യൂട്ടറിന്റെ ഭാഷ ഇംഗ്ലീഷ് മാത്രമല്ലാതായി. ഇന്ന് ലോകത്ത് ഉപയോഗിക്കുന്ന പല ഭാഷകളും കമ്പ്യൂട്ടറിന് വഴങ്ങും എന്നായി. അതിൽ മലയാളവും ഉൾപ്പെടും. മലയാളഭാഷക്ക് ആണവചില്ലിന്റെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ചില്ലുകൾ എൻകോഡ് ചെയ്യാതെ യൂണിക്കോഡ് 5.0 പതിപ്പും, എൻകോഡ് ചെയ്ത 5.1 പതിപ്പും ഉണ്ടെന്നതിനാലും ഇവ രണ്ടും യൂണിക്കോഡ് എൻകോഡിംഗ് രീതിയിൽ സപ്പോർട്ട് ചെയ്യും എന്നതിനാലും ആണവചില്ലുകളെ സംബന്ധിച്ച വലിയ ആശങ്കക്ക് അടിസ്ഥാനമില്ല. യൂണിക്കോഡ് 5.0 ഇപ്പോൾ സാർവ്വത്രികമായി നിലവിലുള്ളതാണെന്ന് പ്രത്യേകം പറയട്ടെ.

മലയാളഭാഷയിൽ ഡ്രൂപൽ ഇൻസ്റ്റാൾ ചെയ്യുന്നതിനായി ആദ്യം തന്നെ ഡ്രൂപലിന്റെ സാങ്കേതിക പദാവലിയെല്ലാം മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടതുണ്ട്. ഇങ്ങനെ വിവർത്തനം ചെയ്ത ഇൻസ്റ്റാളേഷൻ ഫയൽ, ലഭ്യമാണ് എങ്കിൽ ഡ്രൂപലിന്റെ പ്രോജക്റ്റ് താളിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഡ്രൂപലിന്റെ വിവർത്തനം ഇന്ന് മലയാളഭാഷയിൽ നിർവ്വഹിച്ചത് ഈ ലേഖകനാണ്. മലയാളഭാഷയിലുള്ള ഇൻസ്റ്റളേഷൻ ഫയൽ ഇന്ന് ഡ്രൂപൽ പ്രോജക്റ്റ് താളിൽ ലഭ്യമാണ്.




install.php എന്ന ഫയൽ ബ്രൗസറിൽ പ്രവർത്തിപ്പിച്ചാൽ വരുന്ന സ്ക്രീൻ

ഈ സ്ക്രീനിൽ Learn how to install Drupal in other languages എന്ന ലിങ്കിൽ അമർത്തിയാൽ തുറക്കുന്ന പേജിൽ ഡ്രൂപൽ ട്രാൻസ്ലേഷൻ പ്രോജക്റ്റ് താളിലേക്കുള്ള ലിങ്ക് ഉണ്ട് അവിടെ നിന്നും മലയാളവിവർത്തനക്കെട്ട് ഇറക്കുമതി ചെയ്ത്, ഡ്രൂപലിന്റെ റൂട്ട് ഡിറക്റ്ററിയിൽ എക്സ്ട്രാക്റ്റ് ചെയ്യുക. എക്സ്ട്രാക്റ്റ് ചെയ്യാൻ 7-zip പോലുള്ള ഓപ്പൺ സോഴ്സ് ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. അതിനുശേഷം ആദ്യത്തെ സ്ക്രീനിലേക്ക് തിരിച്ച് പോയാൽ നമ്മുടെ ഭാഷയായ മലയാളവും അവിടെ കാണാം. ഇതിനോടൊപ്പമുള്ള സ്ക്രീനിൽ ഗുജറാത്തിയും ഞാൻ ഇറക്കുമതിചെയ്തിട്ടുണ്ട് എന്നതിനൽ മൂന്ന് ഭാഷകൾ കാണാവുന്നതാണ്.




മലയാളഭാഷ തെരഞ്ഞെടുത്ത് തുടര്ന്ന വരുന്ന സ്ക്രീനില് ആവശ്യപ്രകാരം നാം മുൻപ് നിർമ്മിച്ച ഡാറ്റാബേസിന്റെ പേരും (Drupal) ഉപയോക്താവിന്റെ പേരും (root) നൽകുക.



എന്നാൽ ഒരു സ്ക്രീനിൽ അൽപ്പനേരം പ്രോഗ്രസ്സ് ബാർ കാണിക്കുകയും 100 ശതമാനം ആയാൽ വീണ്ടുമൊരു സ്ക്രീ തെളിയുകയും ചെയ്യുന്നതാണ്. ഇവിടെ താങ്കളുടെ സൈറ്റിന്റെ പേര്, ഇ–മെയിൽ വിലാസം എന്നിവ നൽകുക. ചുവട്ടിൽ ‘‘അഡ്മിനിസ്ട്രേറ്റർ എക്കൗണ്ട്’’ എന്ന തലക്കെട്ടിനുതാഴെ ഡ്രൂപലിന്റെ ആദ്യഉപയോക്താവിന്റെ പേരും ഗൂഢാക്ഷരവും നൽകുക.




ഓർമ്മിക്കുക ഡ്രൂപലിനെ സംബന്ധിച്ചിടത്തോളം ആദ്യ ഉപയോക്താവ് ഏറ്റവും ശക്തിമാനാണ്. പിന്നീട് വരുന്നവരേയും ഡ്രൂപൽ സൈറ്റിനേയും ആത്യന്തികമായി പരിപാലിക്കുക എന്നത് ആദ്യ ഉപയോക്താവിന്റെ മാത്രം കർമ്മമാണ്. ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയാൽ ബാക്കി എല്ലാം ഡ്രൂപൽ യാന്ത്രികമായി സ്വയം ചെയ്യുന്നതാണ്. താഴെ കാണുന്ന അവസാനത്തെ സ്ക്രീനിൽ സ്ഖലിതസന്ദേശം കാണുന്നത്, നാം

ലോക്കൽഹോസ്റ്റ് ആണ് ഉപയോഗിക്കുന്നത് എന്നതിനാലും ലോക്കൽഹോസ്റ്റിൽ ഇ–മെയിൽ സെർവ്വർ, പ്രവർത്തനസജ്ജമാക്കിയിട്ടില്ല എന്നതിനാലുമാണ്.




പ്രസ്തുത സന്ദേശം തൽക്കാലം നിർദ്ദോഷമെന്നു കരുതുക. ഇത്രയുമായാൽ ഡ്രൂപൽ സൈറ്റ് തയ്യാറായി. ഓർക്കുക, പ്രസ്തുത സൈറ്റ് താങ്കളുടെ കമ്പ്യൂട്ടറിൽ മാത്രം പ്രവർത്തിക്കുന്ന ഒന്നാണ്. ഇത്തരം പ്രവർത്തനരീതി പഠനത്തിനും സൈറ്റ് ഡെവലപ്മന്റിനും സഹായകമാണ്. പരിപൂർണ്ണമായി ഇങ്ങനെ നിർമ്മിച്ച ഒരു സൈറ്റ് മറ്റൊരു ഇന്റർനെറ്റ് വെബ്ഹോസ്റ്റിംഗ് സെർവ്വറിലേക്ക് കയറ്റുമതി ചെയ്യാവുന്നതാണ്.

തുടര്ന്നുവരുന്ന എല്ലാ സ്ക്രീനുകളും 100 ശതമാനവും മലയാളഭാഷയിലായിരിക്കണം എന്ന നിർബന്ധമില്ല. മലയാളഭാഷയിലേക്കുള്ള ഡ്രൂപൽ ഫയലുകളുടെ വിവർത്തനത്തിന്റെ പുരോഗതിക്കനുസരിച്ച് ആയിരിക്കും അത്. അതിനാൽ അൽപ്പം ചിലഭാഗങ്ങളിലെങ്കിലും ഇംഗ്ലീഷ് കാണാവുന്നതാണ്.




ലേഖകൻ 100 ശതമാനം വിവർത്തനത്തിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അൽപ്പദിവസത്തിനകം പരിപൂർണ്ണമായ വിവർത്തനം തയ്യാറാകും എന്ന് വിചാരിക്കുന്നു. എന്നിരുന്നാലും മറ്റുള്ളവർ സംഭാവനചെയ്ത മൊഡ്യൂളുകളും പ്രമേയങ്ങളും (തീമുകൾ) താങ്കൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ, അവയുടെ വിവർത്തനം നടന്നിട്ടില്ല എങ്കിലും, അപ്രകാരമുള്ളതെല്ലാം ഇംഗ്ലീഷിൽ തന്നെ കാണുന്നതാണ്.

വിവർത്തനത്തിനായി ഡ്രൂപൽ 6 മുതൽ ഒരു എളുപ്പവഴി ഉണ്ട്. Administer മെനുവിൽ നിന്നും Translate interface ഓപ്ഷൻ http://localhost/drupal/?q=admin/build/translate എടുത്താൽ അതിലെ import export ഓപ്ഷനുകൾ ഉപയോഗിച്ച് വിവർത്തനം നടത്താവുന്നതാണ്. മറ്റുള്ളവർ വിവർത്തനം ചെയ്ത ഫയൽ .po എക്സ്റ്റൻഷനുള്ളതായിരിക്കും. അതരം ഫയൽ import ഓപ്ഷൻ മുഖേന ഇറക്കുമതി ചെയ്യാവുന്നതാണ്. നമ്മുടെ സൈറ്റിൽ നിന്നും വിവർത്തനം ചെയ്യേണ്ട പദാവലികളെ export ഓപ്ഷൻ മുഖേന കയറ്റുമതിയും ചെയ്യാവുന്നതാണ്. വിവർത്തനം നടത്തിയതിനുശേഷം വീണ്ടും ഇറക്കുമതി ചെയ്യാവുന്നതാണ്. ഒരു ഭാഷയിൽ ഇൻസ്റ്റളേഷൻ ഫയൽ ലഭ്യമല്ല എങ്കിൽ, ഈ വഴി ഉപയോഗിച്ച് ഭാഷാന്തരീകരണം നടത്താവുന്നതാണ്.




താങ്കൾ ആദ്യം ഇംഗ്ലീഷുഭാഷയിൽ സൈറ്റ് ഇൻസ്റ്റാൾ ചെയ്തു എന്നിരിക്കട്ടെ. പിന്നീട് താങ്കൾക്ക് മലയാളഭാഷ കൂടെ കൂട്ടിച്ചേർക്കാൻ മുകളിൽ പറഞ്ഞ രീതി സഹായകമായിരിക്കും. Administrator മെനുവിൽ പോയി Add Language എന്നസ്ഥലത്ത് മലയാളം കൂട്ടിച്ചേർക്കണം. അവിടെ ഏതുഭാഷയാണ് ഡിഫാൾട്ട് എന്നത് രേഖപ്പെടുത്തുകയും വേണം.

എങ്ങനെ വിവർത്തനത്തിൽ പങ്കാളിയാകാം എന്നത് ഈ ലേഖകന്റെ http://vayanasala.blogspot.com എന്ന ബ്ലോഗിൽ പറഞ്ഞിട്ടുണ്ട്. കൂടുതൽ അറിയാൻ ലേഖകനുമായി ബന്ധപ്പെടുകയോ ഡ്രൂപലിന്റെ കേരളമടിസ്ഥാനമാക്കിയുള്ള വെബ്താളുകൾ സന്ദർശിക്കുകയോ ചെയ്യാം.

ഇപ്രകാരം ലഭ്യമായ എല്ലാ വിവർത്തനങ്ങളും ഉൾക്കൊള്ളിച്ച്, ലേഖകന്റെ കമ്പ്യൂട്ടറിൽ നിർമ്മിച്ച ഒരു സൈറ്റിന്റെ അഡ്മിനിസ്ട്രേറ്ററുടെ മെനുവാണ് സ്ക്രീൻഷോട്ടിൽ കാണുന്നത്. വിവർത്തനം ഇപ്പോഴും പുരോഗമിക്കുന്നു എന്നതിനാലാണ് അക്ഷരതെറ്റുകൾ സ്ക്രീനിൽ കാണുന്നത്.

തുടര്ന്നുപോകാൻ ഡ്രൂപലിനെ പറ്റിയുള്ള ഒരു സാമാന്യാവബോധം ആവശ്യമാണ്. അതിനായി ഡ്രൂപലിന്റെ സാങ്കേതികപദാവലി ഒന്ന് പരിചയപ്പെടുത്താം. ഇത് വളരെ ചെറിയ ഒരു ശ്രമമാണ് എന്നുതന്നെ പറയട്ടെ. കൂടുതൽ അറിയാൻ http://www.drupal.org സന്ദർശിക്കൂ. ഇന്റർനെറ്റ്, വെബ്സൈറ്റ്, കമ്പ്യൂട്ടർ, സെർവ്വർ തുടങ്ങിയവയെ കുറിച്ചെല്ലാം ഒരു സാമാന്യബോധം താങ്കൾക്കുണ്ടെന്നു കരുതുന്നു.

Node: നോഡ് എന്നത് ഡ്രൂപലിൽ വിവരങ്ങൾ ശേഖരിച്ചു വെക്കുന്നതിനായുള്ള പാത്രങ്ങളാണെന്ന് പറയാം. ഡ്രൂപൽ അതിന്റേതായ ചില വിവരങ്ങൾ സൂക്ഷിക്കാൻ സ്വയം നോഡുകൾ നിർമ്മിക്കുന്നുണ്ട്. നാം ഉള്ളടക്കം കൂട്ടിച്ചേർക്കുമ്പോഴും നോഡുകൾ നിർമ്മിതമാകുന്നു. ഇത് കൂട്ടിചേർക്കുന്ന ഉള്ളടക്ക സ്വഭാവമനുസരിച്ചായിരിക്കും എന്നോർക്കുക.

Module: മോഡ്യൂളുകളെ പറ്റി നാം ഈ ലേഖനത്തിലാദ്യം തന്നെ പരമാർശിച്ചു. മോഡ്യൂളുകൾ ഡ്രൂപലിന്റെ സാങ്കേതികമികവ് കൂട്ടുന്നതിന് സഹായിക്കുന്നു. ഉദാഹരണത്തിനായി, നമുക്ക് ഒരു ഓഡിയോ ഫയൽ സൈറ്റിൽ കൂട്ടിച്ചേർക്കുകയും അവ സന്ദർശകർക്ക് കേൾക്കാൻ അനുവാദം നൽകുകയും ചെയ്യാൻ ''ഓഡിയോ'' എന്ന ഡ്രൂപൽ മൊഡ്യൂൾ സഹായകമാകും. ഇതിനായി ''ഓഡിയോ'' മൊഡ്യൂൾ കൂടാതെ, ഇത്തരം വിവിധ മൊഡ്യൂളുകൽ നിലവിലുണ്ട് എന്നോർക്കുക. ഏതുവേണം എന്നു തീരുമാനിക്കേണ്ടത് നമ്മുടെ ലക്ഷ്യത്തിനനുസരിച്ചായിരിക്കണം. മോഡ്യൂളുകൾ നിർമ്മിക്കുന്നതിനായി HTML,CSS,PHP എന്നിവ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഡ്രൂപലിന്റെ അടിസ്ഥാനപ്രവർത്തനരീതിയെക്കുറിച്ചും കോഡിംഗ് രീതിയെക്കുറിച്ചുമെല്ലാം ധാരണ ഉണ്ടായിരിക്കണം.

Teaser: ടീസർ എന്നത് ചൂണ്ടയാണ്. നാം മീനിനെ പിടിക്കാൻ ചൂണ്ടയിൽ ഇരയെകൊരുത്തിടുന്നതുപോലെ, നമ്മുടെ സൈറ്റ് സന്ദർശിക്കാൻ അതിലെ താളുകളുടേയും കഥകളുടേയും മറ്റും ഒരു ചെറിയ വിവരണമോ ആദ്യ ഖണ്ഡികയിലെ ചിലവരികളോ മാത്രം അയച്ചുകൊടുക്കകയോ പ്രദർശിപ്പിക്കുകയോ ചെയ്യാറുണ്ട്. ശേഷം തഴെ Readmore എന്നൊരു ലിങ്ക് കൊടുത്ത് അതിൽ അമർത്തിയാൽ മാത്രമേ മുഴുവൻ ആർട്ടിക്കിൾ ദൃശ്യമാകൂ. ഇത്തരം അൽപ്പം പ്രദർശിപ്പിക്കുന്ന ഭാഗത്തെയാണ് ടീസർ എന്നുപറയുന്നത്. ചൂണ്ടയുടെ നീളം നമുക്ക് നിയന്ത്രിക്കാവുന്നതാണ്.

Theme: തീമുകൾ അഥവാ പ്രമേയങ്ങളെപ്പറ്റിയും നാം മുൻപ് പറഞ്ഞുകഴിഞ്ഞു. സൈറ്റിന്റെ ഉള്ളടക്കം സന്ദർശകർക്കായി പ്രദർശിപ്പിക്കുന്ന രീതിയാണ് പ്രമേയം. ഇതിൽ താളിലെ തലക്കെട്ട്, വരികൾക്കിടയിൽ ചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുന്ന രീതി എന്നിവയെല്ലാം ഉൾപ്പെടും. പ്രമേയമുണ്ടാക്കുന്നതിനായി HTML,CSS,PHP എന്നിവ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

Path: പാത്ത് അഥവാ വഴി എന്നത് ഒരു സൈറ്റിലെ ഒരു പ്രത്യേക ഉള്ളടക്കം എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതറിയാനുള്ള ചൂണ്ടുപലകയാണ്. ഇത് യു.ആർ.എൽ രീതിയിലായിരിക്കും പൊതുവെ രേഖപ്പെടുത്തുക. മുഴുവൻ യു.ആർ.എൽ അല്ലാതെ, sites\default\files\image.jpg എന്നുപറഞ്ഞാൽ താങ്കളുടെ സൈറ്റിലെ Public_html എന്ന റൂട്ട് ഫോൾഡറിലെ sites/default/files എന്ന ഉപഫോൾഡറിലെ image.jpg എന്ന പ്രത്യേകഫയലിനെ സൂചിപ്പിക്കുന്നതാണ്.

Taxonomy: ഇത് ഡ്രൂപലിന്റെ വളരെ പ്രത്യേകതയുള്ള ഒരു വിശേഷലക്ഷണമണ്. ''തിരിച്ചറിയൽ പദസഞ്ചയം'' എന്ന് ഇതിനെ പരിചയപ്പെടുത്താം. വിവരങ്ങൾ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളും ഉപവിഭാഗങ്ങളുമായി തരംതിരിക്കാനും അവയെ തിരിച്ചറിയാനും നിയന്ത്രിക്കാനും എല്ലാം സാധാരണമായി ഈ സങ്കേതം ഉപയോഗിക്കുന്നു.

ഇതിനോടനുബന്ധിച്ച് രണ്ട് പദങ്ങൾ കൂടെയുള്ളത് പറഞ്ഞതിനുശേഷം ഒരു ഉദാഹരണ സഹിതം നമുക്കിവയെ മനസ്സിലാക്കാം.

Vocabulary: പദതാരാവലി എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഏറ്റവും ഉയർന്നതരത്തിലുള്ള പദസഞ്ചയമാണ് ഇത്. ഇതിനുള്ളിൽ Terms എന്ന പദങ്ങൾ ഉൾക്കൊള്ളുന്നു.

ഉദാഹരണം:
നമ്മുടെ വീട്ട് മുറ്റം. വീട്ടുമുറ്റത്ത് മരങ്ങളുണ്ട്, വളർത്തുമൃഗങ്ങളുണ്ട്, പൂച്ചെടികളുണ്ട് എന്നിരിക്കട്ടെ. ഇവയെല്ലാം ഓരോ പദതാരാവലിയാണ്. ആദ്യമായി മരങ്ങൾ എന്ന പദതാരാവലി. അതിൽ തന്നെ, തേക്ക്, മാവ്, തെങ്ങ്, കമുക് എന്നീ പദങ്ങൾ. പിന്നീട് വളർത്തുമൃഗങ്ങൾ എന്ന പദതാരാവലി. അതിൽ നായ, ആട്, പശു, പോത്ത് എന്നീ

പദങ്ങൾ. പിന്നീട് പൂച്ചെടികൾ. അതിൽ റോസ്, മുല്ല, ചെമ്പകം തുടങ്ങിയ പദങ്ങൾ. അതായത് മരങ്ങൾ,വളർത്തുമൃഗങ്ങൾ, പൂച്ചെടികൾ എന്നിവ വോക്കാബുലറിയും, പശു, ആട്, എന്നിവ വളർത്തുമൃഗങ്ങൾ എന്ന വോക്കാബുലറിയിലെ വിവിധ ടേംസും ആണ്. ടാക്സോണമി എന്ന് പറയുന്നത് ഇത്തരം തരംതിരിവിന്റെ രീതിയെയാണ്. പ്രസ്തുത സങ്കേതം ഡ്രൂപലിന്റെ മേന്മ വളരെ ഉയർത്തുന്നു. ഇത്തരം മൂല്യവർദ്ധിതസങ്കേതങ്ങൾ ഡ്രൂപലിന് ഇനിയുമുണ്ട്.

Breadcrumbs: ഇത് നാം പോയ വഴി കണ്ടുപിടിക്കാനുള്ള സൂത്രമാണ്. പലപ്പോഴും സ്ക്രീനിന്റെ മുകൾഭാഗത്ത് ഇത് ദൃശ്യമാകും. ഉദാഹരണമായി, Home>Magazines>Tharjani>May issue എന്നതിനർത്ഥം നാം ആദ്യം Home താൾ സന്ദർശിച്ച്, Magazines എന്ന ലിങ്കിൽ അമർത്തി, ശേഷം Tharjani എന്നതു തെരഞ്ഞെടുത്ത്, May issueൽ എത്തി എന്നതാണ്. കാട്ടിൽ പോയി വീട്ടിലേക്ക് മടങ്ങിവരുന്നതിനായുള്ള വഴി തിരിച്ചറിയാൻ പോയവഴിയിലുടനീളം ബ്രെഡിന്റെ കഷ്ണങ്ങൾ നിരത്തി പോയ ഒരു യൂറോപ്യൻ കഥയെ ഓർമ്മപ്പെടുത്തുന്നതാണ് ഈ പേര്.

Blocks: ബ്ലോക്കുകൾ സൈറ്റ് നിർമ്മിക്കാനുപയോഗിക്കുന്ന ചെറിയ ഇഷ്ടിക കഷ്ണങ്ങളാണ്. ഇത് നിരത്തിവെക്കുന്നത് പലപ്പോഴും സ്ക്രീനിന്റെ വലതുഭാഗത്തോ ഇടതുഭാഗത്തോ താഴെയോ ഉള്ള മേഖലകളിൽ ആകാം. ബ്ലോക്കുകള്ക്കുള്ളിൽ താങ്കൾക്ക് സൈറ്റ് നാവിഗേഷനുള്ള മെനു നിർമ്മിക്കാം. കൂടാതെ മറ്റ് പലതും ഉൾക്കൊള്ളിക്കാവുന്നതാണ്.

Clean URL: ഡ്രൂപലിന്റെ യു.ആർ.എല്ലിൽ സാധാരണ ചോദ്യചിഹ്നങ്ങളും മറ്റും ഉൾക്കൊള്ളുന്നതാണ്. ഇവ പലപ്പോഴും ഗൂഗിൾ തുടങ്ങിയ സെർച്ച് എഞ്ചിനാൽ ഡ്രൂപൽ സൈറ്റ് കണ്ടുപിടിക്കപ്പെടാനും സൂചിക നിർമ്മിക്കാനും പ്രായോഗികമല്ല. അതിനാൽ ഇവയെ ഒഴിവാക്കി ശുദ്ധമായ രീതിയിൽ യു.ആർ.എൽ നിർമ്മിക്കാനുള്ള ഡ്രൂപലിന്റെ മൂല്യവർദ്ധിതസങ്കേതമാണ് ഈ രീതി. ഇതുപക്ഷെ താങ്കളുടെ സെർവ്വറിലെ പി.എച്ച്.പി ഇൻസ്റ്റാളേഷൻ അധിഷ്ഠിതമാണ് എന്നൊരു ദോഷമുണ്ട്. മിക്കവാറും സെർവ്വറുകളും വെബ്ഹോസ്റ്റിംഗ് സെർവ്വീസുകളും ഇത് തരുന്നുണ്ട് എന്നത് ആശ്വാസകരമാണ്. താങ്കളുടെ കമ്പ്യൂട്ടറിൽ ഇത് പ്രവർത്തനക്ഷമമാക്കാൻ ചെറിയ വിദ്യകൾ പ്രയോഗിക്കേണ്ടിവരും.

Input Format: ഡ്രൂപലിൽ ഉള്ളടക്കം നിർമ്മിക്കാനും അവ പ്രദർശിപ്പിക്കാനും വിവിധ രീതികൾ ഉപയോഗിക്കാം. ഒരു തനി HTML ഫയൽ കൂട്ടിച്ചേർക്കണമെങ്കിൽ input format, Full html എന്നായിരിക്കണം. മുഴുവൻ Html ഫയൽ ഇല്ലാതെ അതിന്റെ തലക്കെട്ടും മറ്റും മാത്രം പ്രത്യേകം പ്രദർശിപ്പിക്കാൻ htmlലെ എല്ലാ ടാഗുകളും ഉപയോഗിക്കണമെന്നില്ല. അപ്പോൾ അനുവദിച്ച html tags മാത്രം ഉപയോഗിച്ചുകൊണ്ട് ഉള്ളടക്കം നിർമ്മിക്കാം. ഇതിനായി Filtered HTML എന്ന രീതി ഉപയോഗിക്കാം. Php code എന്ന രീതിയനുവദിച്ചാൽ php കോഡുകൾ ഉള്ളടക്കത്തിൽ ഉൾക്കൊള്ളിക്കാൻ സാധിക്കും. പക്ഷെ ഇത് വളരെ അപകട സാധ്യതയുള്ളതാണ് എന്ന് ഓർക്കുക. വെറും രണ്ട് വരി Php codeകൊണ്ട് താങ്കളുടെ സൈറ്റിന്റെ ആദ്യഉപയോക്താവിന്റെ ഗൂഢാക്ഷരവും മറ്റ് വിവരങ്ങളും കണ്ട് പിടിക്കാനും സൈറ്റിനെ ഹാക്ക് ചെയ്യാനും സാധ്യമാകും എന്നതുതന്നെയാണ് അപകടം.

**mbsunilkumar@yahoo.com**